DESPATCHED
Dt. 12/11/22.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ AP No. 2188(6)/2020 *എസ്.ഐ.സി.*

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.15112/*എസ്.ഐ.സി–ജി 5/2020*)**

**സന്നിഹിതൻ**

**അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**തീയതി : 31.12.2021**

ഡോ. ചിത്ര വി.ആർ,
അഡീഷണൽ പ്രൊഫസർ ഇൻ അനസ്തേഷ്യോളജി,
ഗവൺമെന്റ് മെഡിക്കൽ കോളേജ്,
തിരുവനന്തപുരം – 695 011.
} അപ്പീൽ ഹർജിക്കാരി

Vs.

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   സീനിയർ സൂപ്രണ്ട്,
   ഗവൺമെന്റ് മെഡിക്കൽ കോളേജ്,
   തിരുവനന്തപുരം – 695 011.

2. അപ്പീൽ അധികാരി &
   സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
   ഗവൺമെന്റ് മെഡിക്കൽ കോളേജ്,
   തിരുവനന്തപുരം – 695 011.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 14/10/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 11/11/2020 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 20/11/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 17/12/2020 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 29/12/2020 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 29/12/2020 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 11/08/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 18/09/2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 17/12/2021, 31/12/2021<br>കമ്മീഷൻ ആസ്ഥാനം |
| ഹിയറിംഗിലെ സാന്നിധ്യം:<br>ഹർജിക്കാരി<br>ഒന്നാം എതിർകക്ഷി | <br>ഹാജരായി<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരിയായ ഡോ. ചിത്ര വി.ആർ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാളുടെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾക്ക് ഒന്നാം എതിർകക്ഷി വിവരങ്ങൾ നൽകുവാൻ കഴിയില്ല എന്നാണ് അറിയിച്ചതെന്നും ആയതിനാൽ രണ്ടാം എതിർകക്ഷിയ്ക്ക് അപ്പീൽ സമർപ്പിച്ചുവെന്നും ആയതിനും ടിയാൾക്ക് തൃപ്തികരമായ മറുപടി ലഭ്യമായില്ലെന്നും മറ്റുമാണ്. .

2. ഹർജിക്കാരി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, ടിയാളെ കുറിച്ച് കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ RTI Act പ്രകാരം ലഭിച്ച ചോദ്യങ്ങളുടേയും അപേക്ഷകളുടേയും പകർപ്പുകളും അവയ്ക്ക് നൽകിയ മറുപടിയുടെ പകർപ്പുകളുമാണ്.

3. ഹർജിക്കാരിയുടെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 11.11.2020 ൽ നൽകിയ മറുപടിയിൽ ടിയാൾ ആവശ്യപ്പെട്ട അപേക്ഷകളുടെ പകർപ്പുകൾ നൽകാൻ നിർവ്വാഹമില്ലെന്നും എന്നാൽ പ്രസ്തുത അപേക്ഷകൾക്ക് നൽകിയ രേഖകളുടെ പകർപ്പുകൾ 98 പേജുകൾ ഉണ്ടെന്നും ആയതിന് പേജ് ഒന്നിന് 2 രൂപ നിരക്കിൽ ആകെ 196/- രൂപ സംസ്ഥാനത്തെ ഏതെങ്കിലും ഒരു ട്രഷറിയിൽ അടച്ച് ചെലാൻ ഹാജരാക്കുന്ന മുറയ്ക്ക് പകർപ്പുകൾ നൽകാമെന്ന് അറിയിച്ചിരിക്കുന്നു. ടി മറുപടി തൃപ്തികരമല്ലാത്തതിനാൽ ടിയാൾ രണ്ടാം എതിർകക്ഷി മുമ്പാകെ 20.11.2020 ന് അപ്പീൽ സമർപ്പിച്ചിട്ടുള്ളതും ആയതിന് 17.12.2020 ൽ മറുപടി നൽകിയിരിക്കുന്നതായും കാണുന്നു.

4. രണ്ടാം എതിർകക്ഷി 15.09.2021 തീയതി വച്ച് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഡോ. ചിത്ര വി.ആർ ടിയാളുടെ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത് ടിയാളെ കുറിച്ച് 6 മാസത്തിനുള്ളിൽ RTI Act പ്രകാരം ലഭിച്ച അപേക്ഷകളുടെ പകർപ്പുകളും അവയ്ക്ക് നൽകിയ മറുപടിയുടെ പകർപ്പുകളുമായിരുന്നുവെന്നും അതിൻപ്രകാരം ടിയാളെ സംബന്ധിച്ച വിവരങ്ങൾ അപേക്ഷകനായ ഡോ. സി.ജി. ജയചന്ദ്രന് നൽകിയതിന്റെ പകർപ്പുകൾ അപേക്ഷകയ്ക്ക് ലഭ്യമാക്കിയിരുന്നുവെന്നും എന്നാൽ ഡോ. സി.ജി. ജയചന്ദ്രൻ എസ്.പി.ഐ.ഒ യ്ക്ക് നൽകിയ അപേക്ഷകളുടെ പകർപ്പുകൾ

ഡോ. ചിത്രയ്ക്ക് നൽകിയിരുന്നില്ലെന്നും ഫയൽ പരിശോധിച്ചതിൽ ഡോ. ചിത്രയെ കുറിച്ചുള്ള ഔദ്യോഗിക രേഖകളുടെ പകർപ്പുകളാണ് ഡോ. സി.ജി. ജയചന്ദ്രൻ ആവശ്യപ്പെട്ടിരുന്നതെന്നും ആയത് പബ്ലിക്ക് ഡോക്യുമെന്റ് ആയതിനാലാണ് ഡോ.ചിത്രയുടെ സമ്മതം വാങ്ങാതെ നൽകിയതെന്നുമാണ്. ഒന്നാം എതിർകക്ഷി നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാലാണ് ടിയാൾ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിച്ചതെന്നും ആയതിന് 17.12.2020 ൽ മറുപടി നൽകിയെന്നും അതോടൊപ്പം ഡോ. സി.ജി. ജയചന്ദ്രന് ടിയാന്റെ അപേക്ഷയുടെ പകർപ്പ് ഡോ.ചിത്ര വി.ആർ ന് നൽകുന്നതിൽ അഭിപ്രായം ആരാഞ്ഞുകൊണ്ട് 17.12.2020 ൽ കത്തയച്ചുവെന്നും ആയതിന് ഡോ. സി.ജി. ജയചന്ദ്രൻ ടിയാന്റെ അപേക്ഷയുടെ പകർപ്പ് നൽകുവാൻ പാടില്ലായെന്ന് 28.12.2020 ൽ അറിയിച്ചുവെന്നും അപേക്ഷകൻ വിസമ്മതം അറിയിച്ചതിനാൽ അപേക്ഷയുടെ പകർപ്പുകൾ നൽകുവാൻ നിർവ്വാഹമില്ലെന്ന് ഡോ. ചിത്രയെ 30.12.2020 ൽ അറിയിച്ചിട്ടുള്ളതാണെന്നും റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നു. ഹർജിക്കാരി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീലപേക്ഷയിൽ ശ്രീ.മനോജ് കുമാർ, ഡോ. ജയചന്ദ്രൻ സി.ജി എന്നിവർ സമർപ്പിച്ച അപേക്ഷകളുടെ പകർപ്പുകളാണ് ആവശ്യപ്പെട്ടിരുന്നതെന്നും എന്നാൽ അപ്രകാരം അപേക്ഷകരുടെ പേര് സൂചിപ്പിച്ചല്ല ഹർജിക്കാരി എസ്.പി.ഐ.ഒ യ്ക്ക് അപേക്ഷ നൽകിയത് എന്നും ശ്രീ.മനോജ് കുമാർ ഡോ. ചിത്രയെ സംബന്ധിച്ച് RTI Act പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നോ എന്നത് സംബന്ധിച്ച് പരിശോധിച്ച് വരികയാണെന്നും ആയത് ലഭ്യമായാലുടൻ തന്നെ ഹർജിക്കാരിക്ക് നൽകുന്നതാണെന്നും റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നു.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരിയുടെ വിവരാവകാശ അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്ക്കും എതിർകക്ഷികൾ മറുപടി ലഭ്യമാക്കിയതായി കാണുന്നുവെങ്കിലും ടിയാൾ ആവശ്യപ്പെട്ട മുഴുവൻ വിവരങ്ങളും ലഭ്യമാക്കിയതായി കാണുന്നില്ല. 17.12.2021, 31.12.2021 തീയതികളിൽ കമ്മീഷൻ നടത്തിയ നേരിട്ടുള്ള ഹിയറിംഗിൽ ഇരു കക്ഷികളും പങ്കെടുത്ത് മൊഴി രേഖപ്പെടുത്തിയിട്ടുള്ളതാണ്. ശ്രീ. മനോജ് കുമാർ, ഡോ. ജയചന്ദ്രൻ സി.ജി എന്നിവർ ഹർജിക്കാരിയെ സംബന്ധിച്ച് സമർപ്പിച്ച അപേക്ഷകൾക്ക് ഹർജിക്കാരിയുടെ സമ്മതമില്ലാതെയാണ് മറുപടി നൽകിയിട്ടുള്ളത് എന്നാണ്

ഹർജിക്കാരിയുടെ മൊഴിയിൽ പറയുന്നത്. എന്നാൽ ശ്രീ. മനോജ് കുമാർ, ഡോ. ജയചന്ദ്രൻ സി.ജി എന്നിവർ സമർപ്പിച്ച അപേക്ഷകളുടെ പകർപ്പുകൾ നൽകുന്നതിന് അപേക്ഷകരുടെ സമ്മതം ആവശ്യമാണ് എന്നത് പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ യുടെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടുള്ള ഗുരുതരമായ വീഴ്ചയായി കമ്മീഷൻ കാണുന്നു. കമ്മീഷൻ മുമ്പാകെ ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ ഹർജിക്കാരിയെ സംബന്ധിച്ച വ്യക്തിഗത വിവരങ്ങൾ (disciplinary action) ഉൾപ്പെടെ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ട തായി കാണുന്നു. ആയതിന് മറുപടി നൽകുന്നതിന് മുമ്പ് ഹർജിക്കാരിയുടെ സമ്മതം അന്വേഷിച്ചതായി കാണുന്നില്ല. ഇപ്രകാരം വ്യത്യസ്ത നിലപാട് സ്വീക രിച്ച് മറുപടി നൽകിയ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ യുടെ ഭാഗ ത്തുനിന്ന് ഉണ്ടായിട്ടുള്ളത് ഗുരുതരമായ വീഴ്ചയായി കമ്മീഷൻ കാണുന്നു. ടി എതിർകക്ഷിയുടെ നടപടി വിവരാവകാശനിയമം 7(1) വകുപ്പിന്റെ ലംഘനവും കുറ്റകരവും 20(1) വകുപ്പ് പ്രകാരം ശിക്ഷാർഹവുമാണ്. ആയതിനാൽ ഇക്കാര്യ ത്തിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിക്കെ തിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യ ത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാൻ ഉണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനകം യാതൊരു വിശദീക രണവും ലഭിച്ചിട്ടില്ലെങ്കിൽ ഇക്കാര്യത്തിൽ ടിയാന് യാതൊന്നും ബോധിപ്പിക്കാ നില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പു പ്രകാരമുള്ള ശിക്ഷാ ഉത്തരവ് പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടിയാന് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ടു ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്.

6. ഹർജിക്കാരിയെ സംബന്ധിച്ച് തികച്ചും വ്യക്തിപരമായ കാര്യങ്ങളും ഉൾപ്പെടുന്ന 98 പേജിലുള്ള വിവരങ്ങളാണ് ടിയാളുടെ സമ്മതമില്ലാതെ അപേക്ഷ കർക്ക് നൽകിയിരിക്കുന്നതായി കാണുന്നത്. 17.12.2021 ൽ ടി വിഷയം ഹിയറിംഗിൽ വച്ചിരുന്നതും ഇരു കക്ഷികളും ഹാജരായി മൊഴി നൽകിയിരുന്ന തുമാണ്. ടി ഹിയറിംഗിൽ ശ്രീ. മനോജ് കുമാറിന്റെ പരാതി കിട്ടിയില്ല എന്നാണ്

ഹിയറിംഗിൽ പങ്കെടുത്ത ഒന്നാം എതിർകക്ഷി മൊഴി നൽകിയത്. എന്നാൽ അപേക്ഷകൾ ഇൻവേർഡ് രജിസ്റ്ററിൽ ചേർത്ത് കൊടുത്തിട്ടുള്ളതായാണ് ഹർജിക്കാരിയുടെ മൊഴിയിൽ പറയുന്നത്. ആയതിനാൽ പ്രസ്തുത അപേക്ഷകൾ ഒരിക്കൽ കൂടി പരിശോധിക്കുന്നതിന് ഒന്നാം എതിർകക്ഷിയ്ക്ക് സമയം നൽകികൊണ്ട് ഹിയറിംഗ് വീണ്ടും 31.12.2021 ൽ വയ്ക്കുകയും അന്നേ ദിവസം ഹിയറിംഗിൽ ഒന്നാം എതിർകക്ഷി പ്രസ്തുത അപേക്ഷകൾ ഹാജരാക്കിയിട്ടുള്ളതുമാണ്. ആയതിനാൽ ഈ ഉത്തരവ് കിട്ടി 5 ദിവസങ്ങൾക്കകം ഹർജിക്കാരി ആവശ്യപ്പെട്ട ശ്രീ. മനോജ് കുമാർ, ഡോ. ജയചന്ദ്രൻ സി.ജി എന്നിവർ സമർപ്പിച്ച വിവരാവകാശ അപേക്ഷകളുടെ പകർപ്പുകൾ ടിയാൾക്ക് അറ്റസ്റ്റ് ചെയ്ത് സീൽ പതിപ്പിച്ച് നൽകേണ്ടതാണെന്നും ആ വിവരം കമ്മീഷനിൽ രേഖാമൂലം അറിയിക്കേണ്ടതാണെന്നും നിലവിലെ ഒന്നാം എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഈ അപ്പീൽ ഹർജി കമ്മീഷൻ ഇന്നേ ദിവസം 2021 ഡിസംബർ മാസം 31-ാം തീയതി ഉത്തരവാകുന്നു.

(ഒപ്പ്)

**അഡ്വ. എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

KERALA, THIRUVANANTHAPURAM • STATE INFORMATION COMMISSION

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

vkm